# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എറണാകുളം ജില്ലയിലെ വടക്കൻ പറവൂർ നഗരസഭ പട്ടികജാതി വിഭാഗക്കാർക്ക് വ്യവസായ പാർക്ക് തുടങ്ങുന്നതിനു വേണ്ടി വസ്തു വാങ്ങിയത് - ബഹു. ഹൈക്കോടതി വിധി നടപ്പിലാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

സ.ഉ (സാധാ)നം. 233/2019/തസ്വഭവ. തിരുവനന്തപുരം, തീയതി. 02.02.2019

---

പരാമർശം:- 1) ബി.ജെ.പി. വടക്കൻ പറവൂർ നിയോജകമണ്ഡലം പ്രസിഡന്റ് ശ്രീ.ജയകൃഷ്ണൻ എസ്. ബഹു.ചീഫ് സെക്രട്ടറിക്ക് 07.05.2018 തീയതിയായി നൽകിയ നിവേദനം.

2) ശ്രീ. ജയകൃഷ്ണൻ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത 18890/18 നമ്പർ റിട്ട് പെറ്റീഷൻമേൽ ബഹു. ഹൈക്കോടതിയുടെ 26.07.2018 ലെ വിധിന്യായം.

3) പട്ടികജാതി വിഭാഗക്കാർക്ക് വ്യവസായ പാർക്ക് തുടങ്ങുന്നതിന് വസ്തു വാങ്ങിയതുമായി ബന്ധപ്പെട്ട വിഷയത്തിൻമേൽ വടക്കൻ പറവൂർ നഗരസഭാ സെക്രട്ടറി 30.01.2019 തീയതിയായി സർക്കാരിൽ സമർപ്പിച്ച റിപ്പോർട്ട്.

## ഉത്തരവ്

എറണാകുളം ജില്ലയിലെ വടക്കൻ പറവൂർ നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ടിൽ പട്ടികജാതിക്കാർക്ക് വ്യവസായ പാർക്ക് തുടങ്ങുന്നതിനായി ഭൂമി വാങ്ങിയ ഇനത്തിൽ ചെലവഴിച്ച 49,96,100/- രൂപ (നാൽപ്പത്തൊൻപത് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി ഒരുനൂറ് രൂപ മാത്രം) ഖണ്ഡിക 3.5 പ്രകാരം തടസ്സപ്പെടുത്തിയിരുന്നു. ആയതിനെതുടർന്ന് ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയ 49,96,100/- രൂപ ഉത്തരവാദിത്തപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കണമെന്നാവശ്യപ്പെട്ട് ഭാരതീയ ജനതാ പാർട്ടിയുടെ വടക്കൻ പറവൂർ നിയോജകമണ്ഡലം പ്രസിഡന്റ് ശ്രീ.ജയകൃഷ്ണൻ എസ്. ബഹു.ചീഫ് സെക്രട്ടറിക്ക് പരാമർശം (1) പ്രകാരം നിവേദനം നൽകുകയും തുടർന്ന് ഇതേ ആവശ്യമുന്നയിച്ച് ടിയാൻ ബഹു. ഹൈക്കോടതിയിൽ 18890/18 നമ്പറിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും ചെയ്തിരുന്നു.

2. തുടർന്ന് ടി പെറ്റീഷൻമേൽ പരാമർശം (2) പ്രകാരമുള്ള ബഹു. ഹൈക്കോടതിയുടെ വിധിയിൽ പരാമർശം (1) പ്രകാരമുള്ള ശ്രീ. ജയകൃഷ്ണന്റെ നിവേദനം സമയബന്ധിതമായി തീർപ്പാക്കാൻ ഉത്തരവായിരുന്നു. ഹൈക്കോടതി വിധി നിർദ്ദേശം അനുസരിച്ച് സർക്കാർ ഈ വിഷയത്തിൻമേൽ

വടക്കൻ പറവൂർ നഗരസഭാ സെക്രട്ടറിയുടെ റിപ്പോർട്ട് ആവശ്യപ്പെടുകയും ആയത് പരാമർശം (3) മുഖേന സർക്കാരിൽ ലഭിക്കുകയുമുണ്ടായി.

3. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2015-16 ലെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.5 പ്രകാരം പദ്ധതിക്ക് ചെലവഴിച്ച തുക തടസ്സപ്പെടുത്തിയതുകൊണ്ട് മാത്രം പദ്ധതിയിൽ ക്രമക്കേട് നടന്നുവെന്ന നിഗമനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ/വ്യക്തികളിൽ നിന്നും ചെലവായ തുക ഈടാക്കാൻ കഴിയില്ല. പ്രാഥമിക ഓഡിറ്റ് റിപ്പോർട്ടിന് നഗരസഭ നൽകുന്ന മറുപടി പരിഗണിച്ച് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഫർദർ റിമാർക്സ് പുറപ്പെടുവിച്ചശേഷം മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ സാധ്യമാവുകയുള്ളൂ. കൂടാതെ 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുമായി ബന്ധപ്പെട്ട പ്രാഥമിക മറുപടി 28.06.2018 തീയതിയിൽ നഗരസഭ ഓഡിറ്റ് വകുപ്പിന് സമർപ്പിച്ചിട്ടുള്ളതിനാൽ ആയതിൻമേൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഫർദർ റിമാർക്സ് പരിശോധിച്ചശേഷം ഉചിതമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

4. ഓഡിറ്റ് വകുപ്പ് ഫർദർ റിമാർക്സ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് നിവേദനത്തിലെ ആവശ്യങ്ങളിൽ യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണെന്ന് ശ്രീ. ജയകൃഷ്ണനെ അറിയിച്ച് പരാമർശം (1)ലെ നിവേദനം തീർപ്പാക്കിക്കൊണ്ട് പരാമർശം (2)ലെ ബഹു. ഹൈക്കോടതി വിധി നടപ്പിലാക്കി ഉത്തരവാകുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**വി.എസ്.സന്തോഷ്**
**അണ്ടർ സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, വടക്കൻ പറവൂർ നഗരസഭ, എറണാകുളം
ശ്രീ. ജയകൃഷ്ണൻ. എസ്. പ്രസിഡന്റ്, ഭാരതീയ ജനതാ പാർട്ടി
വടക്കൻ പറവൂർ നിയോജകമണ്ഡലം, എറണാകുളം.
സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**